| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| ഇരുപത്തിരണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1 | | 12/01/2021 ൽ മറുപടിക്ക് | |
| **അഴിമതികേസുകളിലെ അന്വേഷണം** | | | |
| ചോദ്യം | | മറുപടി | |
| ശ്രീ. ഡി. കെ. മുരളി<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ. വി. വിജയദാസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിലെ നിയമസഭാംഗങ്ങളിൽ ആർക്കെല്ലാമെതിരെ അഴിമതികേസുകളും വഞ്ചനാ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്; കേസുകളുടെ അന്വേഷണ പുരോഗതി അറിയിക്കാമോ; | (എ) | നിലവിലെ നിയമസഭാ അംഗങ്ങളിൽ ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്, ശ്രീ. കെ. എം. ഷാജി., ശ്രീ. പി. ഉണ്ണി, അഡ്വ. യു. പ്രതിഭ എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ ഉണ്ട്. ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്, ശ്രീ. കെ. എം. ഷാജി എന്നിവർക്കെതിരെയുള്ള കേസ് അന്വേഷണഘട്ടത്തിലാണ്. ശ്രീ. പി. ഉണ്ണിക്കെതിരായ കേസന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലാണ്. അഡ്വ. യു.പ്രതിഭക്കെതിരെയുള്ള കേസിന്റെ അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.<br><br>നിലവിലെ നിയമസഭാ അംഗങ്ങളിൽ ശ്രീ. കമറുദ്ദീനെതിരെ 149 വഞ്ചന കേസുകളും, ശ്രീ. പി. വി. അൻവറിനെതിരെ ഒരു കേസും, ശ്രീമതി. ഇ. എസ്. ബിജിമോൾക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഒരു പ്രമുഖ ബാറുടമ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ഫീസ് കൂട്ടാതിരിക്കാൻ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന് കൈക്കൂലി നൽകിയെന്ന പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രതിപക്ഷ നേതാവ് അദ്ദേഹത്തിനെതിരെ അന്വേഷണം നടത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവർണറെ സമീപിച്ചിരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബാറുടമയായ ശ്രീ. ബിജു രമേശ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ഫീസ് കൂട്ടാതിരിക്കാൻ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന് കൈക്കൂലി നൽകിയെന്ന പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സി.വി 4/2020/എസ്.ഐ.യു II ആയി ഒരു രഹസ്യാന്വേഷണം നടത്തുകയുണ്ടായി. ഈ വിഷയത്തിൽ അഴിമതി നിരോധന നിയമം 1988 പ്രകാരമുള്ള പ്രാഥമികാന്വേഷണത്തിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>പ്രതിപക്ഷ നേതാവ് അദ്ദേഹത്തിനെതിരെ അന്വേഷണം നടത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഗവർണറെ സമീപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ലൈഫ് മിഷന്റെ കീഴിലുള്ള ഒരു ഫ്ലാറ്റ് നിർമ്മാണത്തിൽ വിദേശ സഹായം ലഭ്യമാക്കിയതിനെതിരെ ആരോപണമുന്നയിച്ച പറവൂർ എം.എൽ.എ. ലഞ്ച് മീറ്റ് നടത്തി വിദേശ പണം സ്വീകരിച്ചുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കേസെടുത്ത് അന്വേഷണം നടത്തുമോ; | (സി) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ചു നൽകുന്നതിനായി പുനർജനി പദ്ധതിപ്രകാരം വീട് വയ്ക്കുന്നതിന് ധനശേഖരണാർത്ഥം നോർത്ത് പറവൂർ എം.എൽ.എ. ശ്രീ.വി.ഡി.സതീശൻ വിദേശയാത്രകൾ നടത്തിയതിനെക്കുറിച്ചും വിദേശഫണ്ട് വാങ്ങിയതിനെക്കുറിച്ചും പുനർജനി പദ്ധതിയിലൂടെ തട്ടിപ്പ് നടത്തിയതിനെക്കുറിച്ചും അന്വേഷിക്കണമെന്നാവശ്യപ്പെട്ടുള്ള പരാതിയിൽ സി.വി 3/2020/എസ്.ഐ.യു II അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം അഴിമതി നിരോധന നിയമം 1988 പ്രകാരമുള്ള പ്രാഥമികാന്വേഷണം നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | തൃക്കാക്കര എം.എൽ.എ. കള്ളപ്പണ ഇടപാടിനു കൂട്ടുനിന്നെന്ന പരാതിയിൽ ഏതെങ്കിലും കേന്ദ്ര ഏജൻസി അന്വേഷണം ഏറ്റെടുത്തതായി അറിയാമോ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അന്വേഷണം നടത്തുമോ? | (ഡി) | കള്ളപ്പണം ഇടപാടിന് കൂട്ടുനിന്നെന്ന പരാതിയിൽ ഏതെങ്കിലും കേന്ദ്ര ഏജൻസി അന്വേഷണം ഏറ്റെടുത്തതായി അറിവില്ല. തൃക്കാക്കര എം.എൽ.എ. ശ്രീ.പി.റ്റി.തോമസും റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരുമായി ഇടപ്പള്ളി കേന്ദ്രമാക്കി 90 ലക്ഷത്തിന്റെ സാമ്പത്തിക തിരിമറിയും നികുതി വെട്ടിപ്പും നടത്തി എന്നത് സംബന്ധിച്ച വിഷയത്തിൽ പി.ഇ 7/2020/സി.ആർ.ഇ നമ്പരായി വിജിലൻസ് പ്രാഥമികാന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ